**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2294** **01-09-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിനെ ഏകീകൃത വകുപ്പാക്കി ഉത്തരവിട്ട്, ബന്ധപ്പെട്ട ഓഫീസുകൾ ഏകീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചു കൊണ്ട് തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് സ.ഉ.(കൈ)106/2020/ ത.സ്വ.ഭ.വ. തീയതി.17/07/2020 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് 2022 ഫെബ്രുവരി 19 മുതൽ പ്രാബല്യത്തിൽ നിലവിൽ വന്നു. ഏകീകൃത വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടേറ്റ് തിരുവനന്തപുരം നന്തൻകോട് സ്വരാജ് ഭവനിൽ നിലവിൽ വന്നു. പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചു. മറ്റിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ഓഫീസുകൾ ഉൾപ്പെടെ സ്വരാജ് ഭവനിലേക്ക് മാറ്റി 5 വകുപ്പുകളും ഒറ്റക്കുടക്കീഴിലാക്കി. ഏകീകൃത വകുപ്പിന്റെ ജില്ലാമേധാവിയായി തദ്ദേശ സ്വയംഭരണ വകുപ്പിലെ ഒരു ജോയിന്റ് ഡയറക്ടറെ നിയോഗിക്കുകയും ഓരോ ജില്ലയിലെയും ബന്ധപ്പെട്ട സീനിയർ മോസ്റ്റ് ഉദ്യോഗസ്ഥരെ ജോയിന്റ് ഡയറക്ടറുടെ താൽക്കാലിക ചുമതല നൽകി നിയമിക്കുകയും ചെയ്തു. |
| (ബി) | ഇല്ലെങ്കിൽ ഏകീകൃത ഓഫീസ് സംവിധാനം എന്നത്തേക്ക് പ്രാവർത്തികമാകുമെന്ന് അറിയിക്കാമോ? | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചു കൊണ്ട് തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് സ.ഉ.(കൈ)106/2020/ ത.സ്വ.ഭ.വ. തീയതി.17/07/2020 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് 2022 ഫെബ്രുവരി 19 മുതൽ പ്രാബല്യത്തിൽ നിലവിൽ വന്നു. ഏകീകൃത വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടേറ്റ് തിരുവനന്തപുരം നന്തൻകോട് സ്വരാജ് ഭവനിൽ നിലവിൽ വന്നു. പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചു. മറ്റിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ഓഫീസുകൾ ഉൾപ്പെടെ സ്വരാജ് ഭവനിലേക്ക് മാറ്റി 5 വകുപ്പുകളും ഒറ്റക്കുടക്കീഴിലാക്കി. ഏകീകൃത വകുപ്പിന്റെ ജില്ലാമേധാവിയായി തദ്ദേശ സ്വയംഭരണ വകുപ്പിലെ |

| | | | |
|---|---|---|---|
| | | | ഒരു ജോയിന്റ് ഡയറക്ടറെ നിയോഗിക്കുകയും ഓരോ ജില്ലയിലെയും ബന്ധപ്പെട്ട സീനിയർ മോസ്റ്റ് ഉദ്യോഗസ്ഥരെ ജോയിന്റ് ഡയറക്ടറുടെ താൽക്കാലിക ചുമതല നൽകി നിയമിക്കുകയും ചെയ്യു. |

സെക്ഷൻ ഓഫീസർ